# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

എച്ച്.ആർ.എം.പി. നമ്പർ :804/11/12/2021/

പരാതികക്ഷി : സജി.വി,കൂപ്പിൽ വീട്
ഉദയംകോണം,പന്ത,തിരുവനന്തപുരം

എതിർകക്ഷികൾ സബ് ഇൻസ്പെക്ടർ
കിളിമാനൂർ പോലീസ് സ്റ്റേഷൻ

ഉത്തരവ് തീയതി 11.03.2025

*പരാതിക്കാരനും കൂടെയുള്ളവരും തേനീച്ച കർഷകരാണെന്നും,* തേനീച്ച കൃഷിയുടെ ഭാഗമായി തൻെറ ഓട്ടോ റിക്ഷയിൽ കോട്ടയം തലയോല പറമ്പിൽ പോയി തിരിച്ചുവരുന്ന വഴി 17.01.2021 തീയതി രാവിലെ 1.45 മണിക്ക് കിളിമാനൂർ പോലീസ് സ്റ്റേഷനു സമീപം വാഹനം നിർത്തി മുഖം കഴുകാൻ തുടങ്ങുന്നതിനിടയിൽ ***ടിയാളുകളെ കിളിമാനൂർ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർമാർ വാഹന പരിശോധനയുടെ പേരിൽ അസഭ്യം പറയുകയും, ദേഹോപദ്രവമേൽപ്പിക്കുകയും ചെയ്തെന്നും, തുടർന്ന് ടിയാളുകൾ ആശുപത്രിയിൽ ചികിത്സ തേടിയെന്നും, ടിയാളുകളെ അകാരണമായി മർദ്ദിക്കുകയും, തടഞ്ഞ് വെക്കുകയും ചെയ്ത എതിർകക്ഷികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും മറ്റുമാണ് പരാതി സംഗതി.***

പരാതിയും കമ്മീഷൻെറ അന്വേഷണ വിഭാഗം പോലീസ് ഇൻസ്പെക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചും കമ്മീഷൻ 28.06.2024 തീയതിയിൽ ഒരു ഉത്തരവ് പാസ്സാക്കിയിരുന്നു. പരാതികക്ഷിക്കും കൂടെയുള്ളവർക്കും എതിർകക്ഷികളിൽ നിന്നും ദേഹോപദ്രവം ഏറ്റ സംഭവത്തെ കുറിച്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിൻെറ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഓഫീസറെകൊണ്ട് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കേണ്ടതാണെന്ന് ജില്ലാ റൂറൽ പോലീസ് മേധാവിയോട് കമ്മീഷൻ നിർദ്ദേശിച്ചിരുന്നു.

കമ്മീഷൻെറ നിർദ്ദേശ പ്രകാരം ജില്ലാ പോലീസ് മേധാവി തിരുവനന്തപുരം റൂറൽ ഒരു Action Taken Report 05.01.2025 തീയതി സമർപ്പിച്ചു. പരാതികക്ഷിക്കും കൂട്ടുകാരായ ആൽബിൻ രാജിനും രാജുവിനും പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും മർദ്ദന മേറ്റിട്ടുണ്ടെന്ന് വെളിവായിട്ടില്ലാത്തതാണെന്നും, എന്നാൽ പോലീസ് സ്റ്റേഷനിൽ കൂട്ടികൊണ്ടുവരുന്ന വ്യക്തികളുടെ മെഡിക്കൽ പരിശോധന നടത്തിയ ശേഷമേ സ്റ്റേഷൻ പാറാവിൽ സൂക്ഷിക്കുവാൻപാടുള്ളൂ എന്നുള്ള മേലധികാരികളുടെ നിർദ്ദേശം നിലവിലിരിക്കെ ടി

പരാതികക്ഷിയെയും കൂട്ടുകാരെയും കിളിമാനൂർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ബിജുകുമാറും ഗ്രേഡ് സബ് ഇൻസ്പെക്ടർ സവാദ്ഖാനും മെഡിക്കൽ പരിശോധന നടത്താതെ സ്റ്റേഷനിൽ കൂട്ടികൊണ്ടുവരുകയും ടിയാന്മാരെ സ്റ്റേഷൻ പാറാവിൽ സൂക്ഷിച്ച സീനിയർ സിവിൽ പോലീസ് ഓഫീസർ രജിത്തും, വിനീഷും മെഡിക്കൽ പരിശോധനക്കുള്ള നടപടികൾ സ്വീകരിക്കാതെ സ്റ്റേഷനിൽ സൂക്ഷിക്കുകയും ചെയ്തത് വഴി ജാഗ്രത കുറവ് ഉണ്ടായതായും ആയതിനാൽ ഇത്തരം വീഴ്ചകൾ മേലിൽ ആവർത്തിക്കരുതെന്ന് ശക്തമായ താക്കീത് മെമ്മോ നൽകിയിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ കാണുന്നു.

Action Taken റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പോലീസ് സ്റ്റേഷനിൽ കൂട്ടികൊണ്ടുവരുന്ന വ്യക്തികളുടെ മെഡിക്കൽ പരിശോധന നടത്തിയ ശേഷമേ സ്റ്റേഷൻ പാറാവിൽ സൂക്ഷിക്കാൻ പാടുള്ളൂവെന്ന നിർദ്ദേശം കർശനമായി നടപ്പാക്കുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശം കീഴ് പോലീസ് ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണെന്ന നിർദ്ദേശത്തോടുകൂടി ഈ പരാതിയിന്മേലുള്ള തുടർനടപടികൾ കമ്മീഷൻ അവസാനിപ്പിക്കുന്നു.

ഉത്തരവിൻെറ പകർപ്പ് ജില്ലാ പോലീസ് മേധാവി തിരുവനന്തപുരം റൂറൽ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ